പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാചോദ്യം നം. 6325 31.10.2011 ൽ മറുപടിക്ക്

വനപരിപാലന-ഭൗമവിവര സാങ്കേതിക സംവിധാനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. വർക്കല കഹാർ:<br>" കെ. മുരളീധരൻ:<br>" വി. ഡി. സതീശൻ:<br>" ഡൊമിനിക് പ്രസന്റേഷൻ: | ശ്രീ. കെ. ബി. ഗണേഷ് കുമാർ<br>(വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി ) |
| എ. വനപരിപാലന വിവര സംവിധാനം, ഭൗമവിവര സാങ്കേതിക സംവിധാനം എന്നിവ മെച്ചപ്പെടുത്തുന്നതിന് എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടിട്ടുള്ളത് എന്ന് വെളിപ്പെടുത്തുമോ; | എ. 1998 - ൽ ആരംഭിച്ച് 2003 ഡിസംബർ 31 ന് അവസാനിച്ച കേരള ഫോറസ്ട്രി പ്രോജക്ടിന്റെ ഭാഗമായാണ് വനപരിപാലന വിവര സംവിധാനം വനംവകുപ്പിൽ നിലവിൽ വന്നത്. ഇതിന്റെ ഭാഗമായി വനം വകുപ്പിൽ റെയിഞ്ച് തലം വരെ കമ്പ്യൂട്ടർ വൽക്കരണം നടത്തിയിട്ടുണ്ട്. ഇപ്പോൾ വനം വകുപ്പിലെ പ്രതിമാസ അക്കൗണ്ട്സ് പൂർണ്ണമായും കമ്പ്യൂട്ടർവൽക്കരിച്ചു കഴിഞ്ഞു. വനപരിപാലനത്തിനും സംരക്ഷണത്തിനും വിവര സാങ്കേതിക വിദ്യ ഫലപ്രദമായി ഉപയോഗിക്കുവാൻ ഉപഗ്രഹചിത്രങ്ങൾ ഉപയോഗിച്ചുള്ള ആധുനിക ഭൗമ വിവര സാങ്കേതിക വിഭാഗം (ജിയോ ഇൻഫർമാറ്റിക്സ് സെന്റർ) വനം വകുപ്പ് ആസ്ഥാനത്ത് പ്രവർത്തിച്ചു വരുന്നു. |

വിവര സംവിധാനം ഏറ്റവും മെച്ചപ്പെട്ട രീതിയിൽ രൂപപ്പെടുത്തുന്നതിന് വകുപ്പിന്റെ പ്രവർത്തനങ്ങളെ പ്രധാനമായും 16 ഘടകങ്ങളാക്കി തരംതിരിച്ചുകൊണ്ട് സമ്പൂർണ്ണ അപഗ്രഥനം നടത്തി. സമീപഭാവിയിൽ ഉണ്ടാകാവുന്ന പുതിയ വിവരാവശ്യങ്ങൾ കൂടി പരിഗണിച്ച് ഓരോ ഘടകത്തിനും അനുയോജ്യമായ പ്രോഗ്രാമുകൾ രൂപകൽപ്പന ചെയ്ത് നടപ്പിലാക്കി വരുന്നു. വകുപ്പിന്റെ പ്രവർത്തന റിപ്പോർട്ടുകൾ അടിസ്ഥാന വിവര ശേഖരണ ങ്ങൾ എന്നിവ തയ്യാറാക്കുവാൻ കമ്പ്യൂട്ടർവൽക്കരണം വഴി ഇവ കൂടുതൽ കുറ്റമറ്റതും കാര്യക്ഷമവും ആക്കുവാനാണ് ശ്രമിക്കുന്നത്. താഴെപറയുന്ന 16 സോഫ്റ്റ്‌വെയർ മോഡ്യൂളുകൾ തയ്യാറാക്കി റെയിഞ്ച് തലം വരെയുള്ള എല്ലാ ഓഫീസുകളിലും നടപ്പാക്കിവരുന്നു.

1. അക്കൗണ്ട്സ് സിസ്റ്റം (പ്രോജക്റ്റ് ഫിനാൻഷ്യൽ മാനേജ്മെന്റ് സിസ്റ്റം)
2. സിവിൽ ഇൻഫ്രാസ്ട്രക്ചർ സിസ്റ്റം.
3. കോർട്ട് കേസ് മോണിറ്ററിംഗ് സിസ്റ്റം.
4. ഫയർ പ്രൊട്ടക്ഷൻ സിസ്റ്റം

5. ഇൻഡസ്ട്രിയൽ റാ മെറ്റീരിയൽസ് / എൻ.ഡബ്ലിയു.പി സിസ്റ്റം
6. നാച്ചുറൽ ഫോറസ്റ്റ് മാനേജ്മെന്റ് സിസ്റ്റം
7. ഒഫൻസ് ഇൻഫർമേഷൻ സിസ്റ്റം
8. പാർട്ടിസിപ്പേറ്ററി ഫോറസ്റ്റ് മാനേജ്മെന്റ് സിസ്റ്റം
9. പ്ലാന്റേഷൻ മാനേജ്മെന്റ് സിസ്റ്റം
10. റിസർച്ച് പ്രോജക്ട് മാനേജ്മെന്റ് സിസ്റ്റം
11. പ്രോഗ്രസ് റിപ്പോർട്ട് സിസ്റ്റം
12. സെയിൽസ് ആന്റ് റീട്ടെയിൽ സെയിൽസ് മാനേജ്മെന്റ് സിസ്റ്റം
13. സോഷ്യൽ ഫോറസ്ട്രി ആന്റ് നഴ്സറി സിസ്റ്റം
14. സ്റ്റോഴ്സ്, ടൂൾസ് ആന്റ് പ്ലാന്റ് സിസ്റ്റം
15. ഫോറസ്റ്റ് ഡവലപ്മെന്റ് ഏജൻസി സിസ്റ്റം
16. ജോഗ്രഫിക്കൽ ഇൻഫർമേഷൻ സിസ്റ്റം.

ഇതുകൂടാതെ കേരള വനം വകുപ്പിന്റെ വെബ് പോർട്ടൽ (www.forest.kerala.gov.in) സ്ഥാപിച്ചിട്ടുണ്ട്. വനത്തെക്കുറിച്ചും വന

| | |
|---|---|
| | വിഭവങ്ങളെക്കുറിച്ചും വന്യജീവികളെക്കുറിച്ചുമുള്ള വിവരങ്ങൾ ഈ പോർട്ടലിൽ നിന്നും പൊതുജനങ്ങൾക്ക് ലഭ്യമാണ്. ഇത് കാലാകാലങ്ങളിൽ അപ്ഡേറ്റ് ചെയ്തു വരുന്നു. വനം വകുപ്പിനെ സംബന്ധിക്കുന്ന പ്രധാന വിവരങ്ങൾ, നിയമങ്ങൾ, ഗവൺമെന്റ് ഉത്തരവുകൾ തടിവിൽപ്പന വിവരങ്ങൾ, ലേല വിവരങ്ങൾ മുതലായവ ഈ വെബ് പോർട്ടലിൽ ലഭ്യമാക്കിയിട്ടുണ്ട്. |
| ബി. അതിനായി കൺസൾട്ടൻസികളെ നിയോഗിച്ചിട്ടുണ്ടോ; | ബി. 1998 മുതൽ 2003 ഡിസംബർ 31 വരെ ഇതിനായി ഒരു കൺസൾട്ടൻസിയെ (**Rites India Ltd., New Delhi**) നിയോഗിച്ചിരുന്നു. ഇപ്പോൾ വകുപ്പിലെ പ്രസ്തുത വിവര സാങ്കേതിക വിദ്യയിൽ പരിശീലനം ലഭിച്ച ഉദ്യോഗസ്ഥരാണ് ഈ ജോലികൾ നിർവ്വഹിച്ചുവരുന്നത്. |
| സി. പ്രസ്തുത സംവിധാനം മെച്ചപ്പെടുത്തുന്നതിന് ആധുനിക സാങ്കേതിക വിദ്യകൾ പ്രയോജനപ്പെടുത്തുമോ? | സി. പ്രസ്തുത സംവിധാനം മെച്ചപ്പെടുത്തുന്നതിന് ആധുനിക സാങ്കേതിക വിദ്യ വനം വകുപ്പിൽ പ്രയോജനപ്പെടുത്തിവരുന്നു. |

സെക്ഷൻ ഓഫീസർ